## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 577 11.06.2013-ൽ മറുപടിനല്കേണ്ടിയിരുന്നത്.

### സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ നടപടി

| | ചോദ്യം<br><br>ശ്രീ. എം. ഹംസ | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സ്വകാര്യ പണമിടപാടുകാർ അമിത പലിശ ഈടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് ബാങ്കിംഗ് റെഗുലേഷൻ ആക്റ്റ്, കേരള മണിലെൻഡ്യേഴ്സ് ആക്റ്റ്, ചിട്ടി ആക്റ്റ്, അമിത പലിശ ഈടാക്കൽ നിരോധന നിയമം മുതലായ നിയമങ്ങൾ മുഖേനയാണ്. കേരള മണിലെൻഡ്യേഴ്സ് ആക്റ്റ്, 1958-ലെ വകുപ്പ് 7(1) പ്രകാരം മണിലെൻഡർമാരെ നിയന്ത്രിക്കുന്നു. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ച് അമിത പലിശ ഈടാക്കുന്ന മണി ലെന്റേഴ്സ് ഉൾപ്പെടെ ഏതൊരാളിനും, കുറ്റ സ്ഥാപനത്തിന്മേൽ മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും ശിക്ഷ ലഭിക്കുന്നതാണ്. അമിത പലിശ ഈടാക്കൽ നിരോധന നിയമത്തിലെ കുറ്റങ്ങൾ ക്രിമിനൽ കുറ്റങ്ങളാണ്. |
| (ബി) | സ്വകാര്യ പണമിടപാടുകൾ, സ്വർണ്ണ പണയ വായ്പ എന്നിവ നടത്തുന്നതിനായി എത്ര സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കിയിട്ടുണ്ട്; വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ; | (ബി) | വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണിലെൻഡ്യേഴ്സ് ആക്റ്റിൻകീഴിൽ 2013-14 സാമ്പത്തിക വർഷത്തിൽ 5-6-2013-ലെ കണക്കനുസരിച്ച് 1616 മണിലെൻഡർമാർ അവരുടെ ലൈസൻസ് പുതുക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. |
| (സി) | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | അമിത പലിശ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.